എം.എൽ.എ.യുടെ ഓഫീസ് റെയ്ഡ് ചെയ്ത സംഭവം

81 (1015) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നടത്തിയ 'ഉത്സവ്-97'ന്റെ ഓഫീസായി പ്രവർത്തിച്ചിരുന്നത് ഏത് കെട്ടിടത്തിലായിരുന്നു ;

(ബി) പ്രൊഫ. എ. വി. താമരാക്ഷൻ എം.എൽ.എ. യുടെ ഓഫീസായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത് നഗരി വടക്കേ മഠത്തിലെ മുറികളിലാണോ ; അവിടെ പോലീസ് റെയ്ഡ് ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ എം.എൽ.എ. യുടെ ഓഫീസ് മുറിയായി പ്രവർത്തിക്കുന്ന മുറികൾ 'ഉത്സവ് 97'-ന്റെ ഓഫീസായിരുന്നുവെന്ന് കോടതിയെ ധരിപ്പിക്കുകയുണ്ടായോ ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് കോടതിയിൽ നിന്നും റെയ്ഡ് നടത്തുന്നതിന് ഉത്തരവുവാങ്ങിയത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെക്കുറിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാരുടെമേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് വില്ലേജിൽ വിളപ്പുഴ മുറിയിൽ 261-ാം നമ്പർ നഗരിവടക്കേ മഠം വീടിന്റെ പടിഞ്ഞാറെ അറ്റം തെക്കു വടക്കായുള്ള രണ്ടു മുറികൾ 'ഉത്സവ് 97'-ന്റെ ഓഫീസായി പ്രവർത്തിച്ചിരുന്നു. .

(ബി) അതെ. ഉണ്ട്.

(സി&ഡി) "ഉത്സവ് 97"-ന്റെ നടത്തിപ്പിൽ ഭീമമായ സംഖ്യയുടെ വെട്ടിപ്പു നടന്നതായുള്ള പരാതിയെ തുടർന്ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. പ്രസ്തുത കേസിൽ പ്രൊഫ. എ. വി. താമരാക്ഷൻ എം.എൽ.എ. യും ഒരു പ്രതിയാണ്. 'ഉത്സവ് 97'-ന്റെ ദൈനംദിന വരവ് ചെലവ് കണക്കുകളുടെ റെക്കോഡും വൗച്ചറുകളും രസീതുകളും നഗരി വടക്കേമഠം വീട്ടിന്റെ പടിഞ്ഞാറെ അറ്റം തെക്കു വടക്കായിട്ടുള്ള മുറികളിൽ സൂക്ഷിച്ചിട്ടുള്ളതായി വിശ്വാസയോഗ്യമായ അറിവ് ലഭിച്ചതിനാൽ പ്രസ്തുത മുറികൾ പരിശോധന നടത്തുന്നതിന് കോടതിയിൽ നിന്നും അനുവാദം വാങ്ങി നിയമവിധേയമായി പരിശോധന നടത്തിയിട്ടുള്ളതാണ്.

രാഷ്ട്രീയ പ്രവർത്തകരുടെ ഭവനങ്ങളിൽ പോലീസ് റെയ്ഡ് ചെയ്ത സംഭവം

82 (1016) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര രാഷ്ട്രീയ പ്രവർത്തകരുടെ ഭവനങ്ങൾ പോലീസ് റെയ്ഡ് ചെയ്തിട്ടുണ്ട് ; ഇവയിൽ രാത്രി കാലങ്ങളിൽ റെയ്ഡ് ചെയ്യപ്പെട്ട ഭവനങ്ങളുടെ എണ്ണം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly